# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 6424** **31.10.2011 - ൽ മറുപടിക്ക്**

**ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. പി.ബി.അബ്ദുൾ റസാക്<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര സർക്കാരിന്റെ സഹായത്തിൽ സംസ്ഥാനത്ത് സ്ഥാപിക്കുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയുടെ പ്രവർത്തനപുരോഗതി വിശദമാക്കുമോ; | (എ) കേന്ദ്രസർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി സ്ഥാപിക്കുന്നതിന് 11.54 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചിട്ടുള്ളത്. രണ്ട് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. 2011 ജൂലൈ മുതൽ ഇവിടെ ഡിപ്ലോമ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഈ സ്ഥാപനം എവിടെയാണ് സ്ഥാപിക്കുന്നതെന്നും, ഇതിനായി ഈ വർഷം എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) കണ്ണൂർ ജില്ലയിലെ തോട്ടടയിലാണ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി സ്ഥാപിക്കുന്നത്. ഇതിനായി ഈ വർഷം 3.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) ഈ സ്ഥാപനം നിലവിൽവരുമ്പോൾ, സംസ്ഥാനത്തെ കൈത്തറി മേഖലയ്ക്ക് ഏതെല്ലാം തരത്തിലുള്ള പ്രയോജനം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (സി) ഹാന്റ്ലൂം ടെക്നോളജിയിൽ ത്രിവത്സര ഡിപ്ലോമ കോഴ്സും കൈത്തറി & ടെക്സ്റ്റൈൽസ് മേഖലയിൽ വിദഗ്ധരെ വാർത്തെടുക്കുന്നതിനായി വിവിധ സർട്ടിഫിക്കറ്റ് ട്രെയിനിംഗ് കോഴ്സുകളും നടത്തുന്നതാണ്. പുതിയ സാങ്കേതിക വിദ്യകളും ഉൽപന്നങ്ങളും വികസിപ്പിച്ചെടുക്കുന്നതാണ്. |

നൂതന ഡിസൈനുകളിലും വർണ്ണങ്ങളിലുമുള്ള തുണിത്തരങ്ങൾ വികസിപ്പിക്കുകയും അവ നെയ്തെടുക്കുന്നതിന് നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുകയും ചെയ്യുന്നതാണ്.

| | |
|---|---|
| (ഡി) പ്രതിവർഷം എത്ര കുട്ടികൾക്ക് ഈ സ്ഥാപനത്തിൽ പഠിക്കുവാനുള്ള അവസരം ഉണ്ടാകും? | (ഡി) പ്രതിവർഷം 40 പേർക്ക് ഹാന്റ്ലൂം ടെക്നോളജിയിൽ ഡിപ്ലോമകോഴ്സും കൈത്തറി ടെക്സ്റ്റൈൽസ് മേഖലയിൽ കുറഞ്ഞത് 200 പേർക്ക് വിവിധ പരിശീലന കോഴ്സുകളും ലഭ്യമാക്കും. |

സെക്ഷൻ ഓഫീസർ